**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2317** **14-10-2024 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സാങ്കേതിക വിഭാഗം തസ്തികകളിലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സാങ്കേതിക വിഭാഗം തസ്തികകളായ അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ (വിവിധ ഗ്രേഡുകൾ), ഡ്രാഫ്റ്റ്സ്മാൻ എന്നിവയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്നറിയിക്കുമോ; | (എ) | അസിസ്റ്റൻറ് എൻജിനീയർ - 93<br>ഓവർസിയർ ഗ്രേഡ് I - 106<br>ഓവർസിയർ ഗ്രേഡ് II - 160<br>ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II/ടൗൺ പ്ലാനിംഗ് സർവേയർ ഗ്രേഡ് II -30<br>ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് I/ടൗൺ പ്ലാനിംഗ് സർവേയർ ഗ്രേഡ് I - 7<br>ട്രേസർ-1 |
| (ബി) | പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലനിൽക്കെ ഇത്തരം ഒഴിവുകൾ നികത്താതിരിക്കുന്നതായോ ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാതിരിക്കുന്നതായോ ഉള്ള സാഹചര്യം നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥരുടെ പേരിൽ കർശന നടപടികൾ സ്വീകരിക്കുമോ; | (ബി) | പി.എസ്.സി മുഖേന നികത്തേണ്ട ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രമോഷൻ മുഖേനയുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | നിലവിലെ ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;വിശദാംശം നൽകുമോ ? | (സി) | പി.എസ്.സി. യിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകൾക്ക് നിയമന ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.സ്ഥാനക്കയറ്റം മുഖേന നികത്തേണ്ട ഒഴിവുകൾ നികത്തുന്നതിലേയ്ക്കായി നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ